ഗുണത്തിലധികം ദോഷമാണെന്ന വിശ്വാസത്തോടുകൂടിയാണ് ഞാൻ ഈ അഭ്യർത്ഥനയെ എതിർക്കുന്നത്. ഇന്നു കാലത്തു ഞാനിങ്ങോട്ടുപോന്ന വണ്ടിയിൽ എന്റെ അടുത്തിരുന്നിരുന്ന ഒരു ഫാക്ടറി മുതലാളി രസകരമായ ഒരു വർത്തമാനം പറയുകയുണ്ടായി. അതു ഇന്നു ഇവിടെ വാദപ്രതിവാദത്തിൽ പെടുത്തേണ്ടിവരുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. അദ്ദേഹം പറഞ്ഞു "എന്റെ ഫാക്ടറിയിൽ ഒരു തൊഴിൽ കുഴപ്പമുണ്ടായി. നാലുപേരെ പിരിച്ചുവിട്ടു. ഈ നാലാളുകളെ പിരിച്ചുവിട്ട വിവരം ഉടനെ ലേബർ കമ്മീഷണക്ക് തൊഴിലാളികൾ എഴുതി അയച്ചു. ലേബർ കമ്മീഷണർ ഈ കുഴപ്പത്തെക്കുറിച്ചുനോക്കുവാൻ വന്നപ്പോൾ ഈ തൊഴിലാളികളോട് അദ്ദേഹത്തിന്റെ അടുത്തിരിക്കുവാൻ പറഞ്ഞു. ഞാൻ അതിനെ എതിർത്തു എന്റെ അരികെ ഇരിക്കുവാൻ അവരെ അനുവദിക്കുവാൻ പാടില്ല എന്നു പറഞ്ഞു. ഞാൻ പറഞ്ഞതു ലേബർ കമ്മീഷണക്ക് രസിച്ചു എന്നു തോന്നുന്നില്ല. ലേബർ കമ്മീഷണർ പിരിച്ചു വിട്ട നാലുപേരേയും തിരിച്ചെടുക്കണമെന്നു പറഞ്ഞു. പക്ഷെ ഞാൻ അതിനു മറുപടിയും കൊടുത്തില്ല. ഞാൻ അവരെ തിരിച്ചെടുത്തിട്ടുമില്ല. മറ്റൊരു സന്ദർഭത്തിൽ എന്റെ കമ്പനിയിൽ പണിക്കു പല തൊഴിലാളികളും വന്നില്ല. നാലുപേരെ അയച്ചു തരണമെന്നു ഞാൻ ലേബർ കമ്മീഷണരോടു ആവശ്യപ്പെട്ടു. ഈ നാലാളുകളെ അയച്ചു തരുവാൻ അദ്ദേഹത്തിനും സാധിച്ചിട്ടില്ല. ഞാൻ പിരിച്ചുവിട്ട ആളുകളെ എടുത്തിട്ടുമില്ല. പിന്നീടു തിരിച്ചെടുക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടുമില്ല". എന്നോടൊന്നിച്ചു ഈ കൌൺസിലിലെ മൂന്നു നാലു പ്രതിനിധികളും വണ്ടിയിൽ ഉണ്ടായിരുന്നു. താൻ വിജയം നേടി എന്ന തരത്തിലാണു ആ ഫാക്ടറി മുതലാളി പറഞ്ഞതു. ഈ തരത്തിലുള്ള കല്പനകൾ നടത്തുവാനും കളിയാക്കപ്പെടുവാനുമുള്ള ലേബർ കമ്മീഷണർമാരാണു നമുക്കിപ്പോഴുള്ളതു. ഇതുപോലെ ദുഃഖമായ തരത്തിലാണു നമ്മുടെ ലേബർ ഡിപ്പാർട്ടുമെന്റു നടക്കുന്നതെന്നു പറയേണ്ടിവന്നതിൽ എനിക്കതിയായ വ്യസനമുണ്ടു. സംഘടിതരായ തൊഴിലാളികളെ ഭീഷണിപ്പെടുത്തുന്ന കാര്യത്തിൽ ലേബർ കമ്മീഷണർ ഇടപെടാവുണ്ടു. അവർ കുറെക്കാരാണെന്നു സർട്ടിഫിക്കറു കൊടുക്കാവുണ്ടു. അങ്ങിനെ ചെയ്യുന്നുണ്ടെന്നു എനിക്കറിയാം. മുതലാളികളും തൊഴിലാളികളുടെ ന്യായമായ അവകാശങ്ങളെ അവഗണിക്കുകയാണെങ്കിൽ അതു ശരിവെക്കുക, നേരെ മറിച്ചു തൊഴിലാളികളുടെ ന്യായമായ ആവശ്യങ്ങളെ മുതലാളി അവഗണിച്ചു എന്നു തൊഴിലാളികളും പറയുകയാണെങ്കിൽ അതു ശരിയല്ലെന്നു വിധിക്കുക. ഈ സമ്പ്രദായമാണു ഇപ്പോൾ നടന്നുവരുന്നതു. ഈ സമ്പ്രദായം മാറി ലേബർ ഡിപ്പാർട്ടുമെന്റിന്റെ ചുമതല വിശദീകരിച്ചു ശരിയായ അധികാരങ്ങളുള്ള തൊഴിലാളി താല്പര്യങ്ങളെ പരിരക്ഷിക്കുന്ന ലേബർ കമ്മീഷണർ നമുക്കുണ്ടാകണം. തൊഴിലാളിതാല്പര്യങ്ങളെ പരിരക്ഷിക്കുവാൻ ഉതകുന്ന ഒരു ലേബർ ഡിപ്പാർട്ടുമെൻറാണു നമുക്കുണ്ടാകേണ്ടതു എന്ന ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തുവാനുള്ള ഏകമാർഗ്ഗമെന്നു നിലക്കാണു ഞങ്ങളും ഇതിനെ എതിർക്കുന്നതു. കൂലിക്കാരെ ജോലിക്കെടുക്കണമെന്നു പറഞ്ഞിട്ടു ഫാക്ടറി ഉടമസ്ഥൻ അപ്രകാരം ചെയ്യാതിരിക്കുമ്പോഴും നാലു കൂലിക്കാരെ അയച്ചു തരണമെന്നു ഫാക്ടറി ഉടമസ്ഥൻ എഴുതി അയക്കുമ്പോഴും അതിനു തല കുനിക്കാത്ത ഒരു ലേബർ കമ്മീഷണർ ഇവിടെ ഉണ്ടായാൽ കൊള്ളാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ സംഭവം എന്നുണ്ടായതാണ്?

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഇന്നു കാലത്തു ഇവിടെയുണ്ടായ വാദപ്രതിവാദം നോക്കിയാൽ അറിഞ്ഞുകൂടെ? തൃപ്പൂണിത്തുറ ഒരു ലാക്കൌട്ടുണ്ടായതിനെപ്പറ്റി മിസ്റ്റർ ഡിവർ ഒരടിയന്തിരപ്രമേയം കൊണ്ടുവന്നപ്പോൾ പോലീസ്സു കമ്മീഷണർ അതിനെപ്പറ്റി അന്വേഷിക്കുന്നുണ്ടു് എന്നാണു ഗവണ്മെണ്ടു പറഞ്ഞതു. അതു നടപടി നടത്തുകതാണോ എന്നുള്ളതിനെക്കുറിച്ചു അന്വേഷിക്കുന്നു എന്നാണു പറഞ്ഞതു. മനുഷ്യനു ആവശ്യമുള്ള വസ്തുക്കളുണ്ടാക്കുന്ന തൊഴിലാളികളെ മുതലാളി ലാക്കൌട്ടു ചെയ്യുന്നു അക്രമമാണോ എന്നുള്ളതറിയുവാൻ പോലീസ്സുദ്ധികാരികളും അന്വേഷിച്ചുകൊണ്ടിരിക്കുന്നു. യുദ്ധാവശ്യത്തിനുള്ള ഭേണികളും ഉണ്ടാക്കുന്ന കമ്പനിയിൽ തൊഴിലാളികളും സ്ട്രൈക്ക ചെയ്താൽ അവരെ പിടിച്ചു പോലീസ്സു സ്റ്റേഷനിൽ കൊണ്ടുപോകുന്നതിനു അന്വേഷണം വേണ്ട. മുതലാളികളും തെറ്റു ചെയ്താൽ അവരെകൊണ്ടു അതിനു സമാധാനം പറയിക്കുവാൻ പറ്റിയ ഒരു ലേബർ കമ്മീഷണർ നമുക്കുണ്ടാകണമെന്നാണു ഞങ്ങളും വാദിക്കുന്നതു. യുദ്ധം കഴിഞ്ഞു എന്നു ഗവണ്മെണ്ടു പറഞ്ഞ ഉടനെതന്നെ ചാലക്കുടിയിൽ കുറെ തൊഴിലാളികളെ പിരിച്ചുവിടുവാൻ തുടങ്ങി. യുദ്ധം നിന്നു എന്നു പറഞ്ഞതിന്റെ പിറ്റെ ദിവസം വെളിച്ചമായപ്പോൾ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

മിസ്യനറി അഴിച്ചു വെച്ചിട്ട പണിയില്ല എന്നു പറഞ്ഞു തെഴിലാളികളെ പരിഹസിച്ചിട്ട. ലേബർ കമ്മീഷണർ ചെന്നു നോക്കിയാൽ മുതലാളി പറഞ്ഞതു ശരിയാണെന്നു വെക്കുകയും ചെയ്യും. വിദേശീയ മുതലാളികൾ, സ്വാധീനശക്തിയുള്ള മുതലാളികൾ, ലേബർ കമ്മീഷണരല്ല മറ്റാരുചെന്നാലും അവരെ മുട്ടു കുത്തിക്കുവാൻ തുണിയുണ്ടെന്നു നടിച്ചു പ്രവൃത്തിക്കുന്ന മുതലാളികളാണ് ഈ വിധത്തിലുള്ള അക്രമങ്ങൾ ചെയ്യുന്നതു്. ചാലക്കുടി Plywood Factory യിൽ നടന്ന അക്രമത്തിൽ ഗവൺമെണ്ടെന്തുചെയ്തു? തൊഴിലാളികൾ സംഘടിതമായ പ്രക്ഷോഭണം നടത്തുകയാണെങ്കിൽ ലേബർ കമ്മീഷണർ അതു തെറ്റാണെന്നു പഠയും. തൊഴിലാളികളുടെ സംഘടിതമായ പ്രക്ഷോഭണത്തെ എതുത്തു പരാജയപ്പെടുത്തുവാനുള്ള ലേബർ കമ്മീഷണരല്ല ഇവിടെവേണ്ടതു. ഏതു മുതലാളിയായാലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ അതനുസരിച്ചു പ്രവത്തിക്കുവാനുള്ള കരുത്തുള്ള ഒരു ലേബർ ഡിപ്പാർട്ടുമെൻറ ഇവിടെയുണ്ടാകണം. വെറുതെ ഇതനുള്ള പണം പാസ്സാക്കി കൊടുത്തതുകൊണ്ടു പ്രയോജനമില്ല. ഇപ്പോഴത്തെ മാതിരിയുള്ള ഒരു ലേബർ ഡിപ്പാർട്ടുമെണ്ടു ഇവിടെയില്ലെങ്കിലും തന്നെ വിരോധമില്ല. ദോഷമുണ്ടാകുന്ന സംഗതി ചെയ്യുവാൻ സമ്മതിക്കാതിരിക്കുന്നതിനു മാത്രമാണ് ഞാൻ ഈ അഭ്യർത്ഥനയെഎതിർക്കുന്നതു".

Rama Varmha Tampuran, M.B.E. *(Secretary to Government):* May I submit a few remarks on this question. The question has now turned up points that were not anticipated at the starting. The first question that has been brought up now is whether the present officer is competent to hold this post. I suppose I have to be right.

Mr. P. Govinda Menon *(Ernakulam):* It is not right then.

Rama Varmha Tampuran, M.B.E., *(Secretary to Government):* That was one of the points. The question is whether the officer who has now been appointed is the right officer for this department. This gentleman was appointed only eight weeks ago. The Labour Legislation in the land was scattered over a dozen Acts and under different Acts it is a separate officer who is to exercise the functions for Government at the place. Now this officer has been appointed and the Government are considering which of the powers that the other officers have been enjoying in Labour Legislation so far should be transferred to the new man. Notifications have to be issued. For example under the Factories Act the Police Inspector is entrusted with definite duties. As the supervising officer the Chief Engineer, has also got definite functions. The Director of Industries and Commerce was in charge generally of all Labour Legislations and of all labour questions in this State and he has got definite functions under certain other Acts. The District Magistrate under certain other Acts has got certain powers. All these powers are now exercisable by those officers under various Acts. We have appointed the Labour Commissioner and we have now to consider which of the powers now being exercised by the various officers would be or should be transferred to the new officer. Only after that is definitely decided further consultation with the other officers can we decide and frame a definite scheme. Then after that necessary notifications have to be issued under the various Acts empowering the Labour Commissioner to act under these Acts. All these things have not yet been done. And really 2 months or 8 weeks is not too long for a complete overhauling of the entire Labour Legislation of the State. When this is the situation there is no need for accusing the present officer of incompetence. As a matter of fact the present officer is one who has got varied experience and he was in the Secretariat for a very long time. He has been in charge of the Revenue section and has been the Personal Assistant of the Diwan Peishkar. He had to handle various problems that arise from the different workers of the State. Such being the case, it is also well-known that he is very calm, he has an admirable temperament and he is easily accessible. He is ready to take active interest in all matters connected with labour. When such a man has been appointed and when you have not given him sufficient time and when Government had not the time to define his powers exactly there is no point in accusing him of incompetence and on that ground try to throw out this demand.

Another point raised was that this Committee should be under the Hon'ble Minister for Rural Development. On that it will be quite sufficient for me to say that this is not a new department in the sense that these functions were not all being exercised before. There were labour questions even before. All these questions were being dealt with in the reserved half. The new department so to say is only a consolidation of the various duties under the various enactments that were being considered by the reserved half and naturally this question continued to be handled by the reserved half. There has been no question here of a new department being created in the sense that new duties are being proposed to be carried out or in the sense

LIBRARY ARCHIVES Kerala Legislative Assembly

that anything completely foreign to the House is being done. Here it is mostly a case of consolidation of the various powers that were being exercised by Government under the various labour enactments. And therefore there has been no attempt so to say in any way to hamper the working of the present constitution. These are the two main points that were urged against this additional allotment. Of course, that will come to be moved before the budget because the question itself was not taken up in time. This question arose within the several questions that are being considered in the post-war section of the Secretariat. They suggested that on account of the divergence of the enactments here and in British India and also on account of the fact that different powers are being exercised by different officers it will be desirable to consolidate them and have them exercised uniformly by one officer. In that way the file started, and at that time it was not right enough to bring forward and request for funds to this House. That was the reason why this House was not moved at that time. Later on the question was further looked into and it was thought first to appoint an individual officer and let him study the question carefully and submit proposals to the Government. Then Government will be in a better position to decide the functions and duties and therefore this officer came to be appointed. There was no intention at all in the way of side-tracting this question or anything like that. There were several problems which will not be ready at the time of the Budget Session but yet it will not be desirable in the public interests to defer the consideration till the next Budget Session comes, especially in such matters which are non-controversial like the creation of a Labour Department. It was thought best to proceed with the scheme and bring forward demands by way of supplementary grants when this House will also have an opportunity to discuss it, even later on change their plans if necessary according to the discussions that take place here. That was the intention of the Government to move the demand just now. Therefore, I suggest that this is not a fit thing for any controversial discussion in this House. It is well accepted and well settled that a new Labour Department which will consolidate all the duties under the various enactments is desirable. It is very necessary that that Department should be developed. The only question was whether all the duties should be defined beforehand before the Officer himself was appointed. Usually it is not always possible to define and completely determine all the duties beforehand in a matter like this. Often the help of that officer himself is required to fix details and it is out of those considerations that we did not bring these things before the House. And yet there is no danger also in that, because there are officers independently who can exercise various functions. The only thing is that it will continue for a few days more till the new things are completely fixed and defined. In these circumstances I request that the House may be pleased to vote for the grant.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഈ ഡിമാൻഡിനെ എതിർക്കാനോ താങ്ങാനോ അല്ല ഞാനെഴുനേറ്റിരിക്കുന്നത്. എനിക്കു മുമ്പു പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർമാരുടെ പല അഭിപ്രായങ്ങളോടും ഞാൻ യോജിക്കുന്നു. പക്ഷെ ഇന്നത്തെ വാദപ്രതിവാദത്തിന്റെ ശക്തി ചെന്നലയ്ക്കുന്ന വശം നോക്കിയാൽ ഒരു പ്രത്യേക ഉദ്യോഗസ്ഥന്റേ പോരായ്മയെപ്പറ്റിയുള്ള ഒരു സെൻഷർ അല്ലെ അതെന്നു തോന്നിപ്പോകും. ബഹുമാനപ്പെട്ട മെമ്പർമാർ അങ്ങിനെ ഉദ്ദേശിച്ചിട്ടാണ് പറഞ്ഞതെന്നു ഞാൻ പറയുന്നില്ല. ഇങ്ങിനെ ഓരോ ഉദ്യോഗസ്ഥന്റെ ന്യൂനതകളെപ്പറ്റി പൊതുവെയുള്ള കാര്യങ്ങളെക്കുറിച്ചു വിമർശിക്കുമ്പോൾ പറയാൻ തുടങ്ങുകയാണെങ്കിൽ അങ്ങിനെ വിമർശിക്കാതെ ഇരിക്കത്തക്ക യോഗ്യത തികഞ്ഞ ഒരു മനുഷ്യനെങ്കിലും ഇന്നത്തെ ഉദ്യോഗസ്ഥന്മാരിലുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതല്ലെ അവരുടെ ശമ്പളം നോൺവോട്ടബിൾ ആക്കിയതു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: അതിനെപ്പറ്റി പറയണമെന്നുണ്ടെങ്കിൽ അതിനുള്ള വഴികൾ വേറെയുണ്ടല്ലൊ. ഏതായാലും ബഹുമാനപ്പെട്ട മെമ്പറുടെ പ്രസംഗത്തിൽനിന്നു വന്നിട്ടുള്ള ഫലത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞതു്.

ഗവർമ്മെണ്ടിനോടു ഒരു കാര്യം പറയാതെ തരമില്ല. ഈ ലേബർ കാര്യത്തിൽ സ്റ്റഡി ചെയ്യുന്നതിനുശേഷം ലേബർ കമ്മീഷണരുടെ കൃത്യങ്ങൾ തീർച്ചയായിട്ടു കമ്മീഷണറെ നിയമിക്കാമായിരുന്നില്ലെ? അങ്ങിനെ ഒരു നയം ഇല്ലായിരുന്നെങ്കിൽ ഇനിയെങ്കിലും ഗവർമ്മെണ്ടു അതു സ്വീകരിച്ചാൽ കൊള്ളാം. ആദ്യം ഒരു ഉദ്യോഗസ്ഥനെ നിയമിക്കുക; ആ ഉദ്യോഗസ്ഥൻ ആ കാര്യങ്ങളെക്കുറിച്ചു നിയമനത്തിനുശേഷം സ്റ്റഡി ചെയ്തശേഷം അദ്ദേഹത്തിന്റെ കൃത്യങ്ങൾ തീരുമാനിക്കുക ഇങ്ങിനെയാണിപ്പോൾ കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഉദ്യോഗത്തിനുവേണ്ടി ആളെ വെക്കുക അല്ല. ആൾക്കുവേണ്ടി ഉദ്യോഗമുണ്ടാക്കുകയാണ് ഈ റ്റേസ്സറിലെ പതിവ്.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ : എന്റെ വിചാരം അങ്ങിനെ അല്ല ആവശ്യത്തിനനുസരിച്ചു ഉദ്യോഗമുണ്ടാക്കും; അതിനു പറ്റിയ ആളെ നിയമിക്കും എന്നാണു ഞാൻ വിചാരിക്കുന്നതു്. ഏതായാലും ഉദ്യോഗസ്ഥന്റെ ന്യൂനതയല്ല വാദവിഷയം. ഇനി ഇതിലും വലിയ ശമ്പളം കൊടുത്തു ഒരു ഉദ്യോഗസ്ഥനെ വെച്ചാലും ഈ കാര്യങ്ങൾ ഒന്നും ശരിയായി നടക്കുക ഇല്ല. ശരിയായി നടക്കണമെങ്കിൽ ആദ്യമായി ഈവക കാര്യങ്ങൾ പഠിക്കാനുള്ള ഒരു മനഃസ്ഥിതി ഉണ്ടാകണം. ഇന്നു ഈവക കാര്യങ്ങളിൽ ഗവർമ്മെണ്ടു് ശരിയായ നിലതികച്ചും എടുത്തിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. മുതലാളികളോടു ന്യായമായിട്ടും തൊഴിലാളികളോടു അന്യായമായിട്ടുമാണു ഇന്നു മിക്ക ഗവർമ്മെണ്ടുകളും പെരുമാറുവാൻ ഇടവരുന്നതു്. ഗവർമ്മെണ്ടിനു മുതലാളികളോടു അന്യായമായി പെരുമാറുവാൻ സാദ്ധ്യമല്ല. മുതലാളികൾക്കു അത്ര സ്വാധീനശക്തിയുണ്ടു്. മുതലാളികൾ അന്യായമായി എടുത്തിരിക്കുന്ന ചൂഷണത്തെയെങ്കിലും തടഞ്ഞു സ്വല്പമെങ്കിലും ഒക്കെ തൊഴിലാളികളോടും ന്യായം ചെയ്യണം. എല്ലാ ഗവർമ്മെണ്ടുകളും ലേബർ ഡിപ്പാർട്ടുമെണ്ടുകളുണ്ടാക്കീട്ടുണ്ടു്. അതുപോലെ ഇവിടെയും ഉണ്ടാക്കി എന്നേ വന്നിട്ടുള്ളൂ. വാസ്തവത്തിൽ കൊച്ചി ഗവർമ്മെണ്ടു അതുണ്ടാക്കിയിട്ടുള്ളതു്. ഇന്നു, ലേബർ ഡിപ്പാർട്ടുമെണ്ടു തൊഴിലാളികൾക്കു എതിരായ പ്രവർത്തനങ്ങളാണു് നടത്തുന്നതു്. മുതലാളികൾക്കു അനുകൂലമായും പ്രവൃത്തിച്ചു വരുന്നുണ്ടു്. ഇവിടെത്തന്നെ അല്ല, ഇന്ത്യയിലെങ്ങും ഇതുതന്നെയാണു് നടക്കുന്നതു്.

എന്നാൽ ഗവർമ്മെണ്ടു ഒരു കാര്യം മനസ്സിലാക്കണം. പണ്ടത്തെ ആ നില അല്ല ഇന്നു ലോകത്തിൽ, ലോകത്തിൽ വന്നിരിക്കുന്ന മാറ്റങ്ങൾ ഇന്ത്യയിലും വരണം, കൊച്ചിയിലും വരണം. ഇന്നു ബ്രിട്ടനിൽ ഒരു സോഷ്യലിസ്റ്റ ഗവർമ്മെണ്ടു് ഭരണം നടത്തുന്നു. ഫ്രാൻസിലാണെങ്കിൽ കമ്മ്യൂണിസ്റ്റുകാക്കു പ്രാബല്യമുള്ള ഒരു പാർട്ടി, അതുപോലെതന്നെ ശക്തിയുള്ള സോഷ്യലിസ്റ്റ പാർട്ടിയും കൂടി ഇന്നവിടെ ഭരണം നടത്തുന്നു. അതുപോലെതന്നെ ചൈനയുടെ പടിഞ്ഞാറു ഭാഗങ്ങളിൽ കമ്മ്യൂണിസ്റ്റുകാരുടെ ഭരണം നടപ്പിലായി കഴിഞ്ഞു. ചൈനയുടെ പടിഞ്ഞാറു ഭാഗങ്ങളിലും കമ്മ്യൂണിസം പ്രചരിക്കുന്നു. ഇങ്ങിനെ ലോകത്തിൽ ഇതുവരെ നിഷ്പ്രയാസമായി കരുതിയിരുന്ന കമ്മ്യൂണിസം ഇന്നു ലോകത്തിൽ ശക്തി പ്രാപിച്ചു വരുന്നു. ഈ കാര്യം കൊച്ചി ഗവർമ്മെണ്ടു മനസ്സിലാക്കണം. ഇന്നു കാലത്തു ഗവർമ്മെണ്ടു പറഞ്ഞ മറുപടി കേട്ടപ്പോൾ എനിക്കു സങ്കടം തോന്നി. തക്കസമയത്തു അന്വേഷണം നടത്താൻ കഴിഞ്ഞിട്ടില്ലെന്നു ഗവർമ്മെണ്ടു പറഞ്ഞു. ആ പോലീസ് ഉദ്യോഗസ്ഥനോ സമാധാനം ചോദിക്കണമെന്നുണ്ടെങ്കിൽ അന്വേഷണം ഗവർമ്മെണ്ടിനു ഒരൊറ്റ ദിവസംകൊണ്ടു് സാധിക്കും. എത്ര വലിയ ഗംഭീര കാര്യങ്ങൾ ഏതാനും മണിക്കൂറുകൊണ്ടു ഗവർമ്മെണ്ടുകൾ സാധിക്കുന്നുണ്ടു്. നീട്ടിക്കൊണ്ടു പോകാവുന്ന കാര്യങ്ങൾ ഉണ്ടു്. ഉടനെ തീരുമാനമുണ്ടാക്കേണ്ട കാര്യങ്ങളും ഉണ്ടു്. അങ്ങിനെയുള്ള കാര്യങ്ങൾ സിക്രട്ടറി പറഞ്ഞതുപോലെ രണ്ടു പതിനഞ്ചു ദിവസങ്ങൾ കഴിഞ്ഞിട്ടു തീരുമാനമുണ്ടാക്കീട്ടു ഫലമില്ല. തൊഴിലാളികൾ മുതലാളിയുടെ അടുക്കൽ ചെന്നു മുട്ടുകുത്തി കുറഞ്ഞ കൂലിക്കു ജോലിചെയ്യാൻ സമ്മതിച്ചതിനുശേഷം പോലീസ് അന്വേഷണം നടത്തി റിപ്പോർട്ടു കിട്ടിയാൽ മതിയൊ?

ലേബർ കമ്മീഷണരായി കൊച്ചി ഗവർമ്മെണ്ടിന്റെ ചെറിയ ഉദ്യോഗസ്ഥനെ വെച്ചാലും വലിയ ഉദ്യോഗസ്ഥനെ വെച്ചാലും ഫലത്തിനു വ്യത്യാസം ഉണ്ടാകുവാൻ ഇടയില്ല. ഒരുദ്യോഗസ്ഥനെ പിടിച്ചു ശകാരിച്ചുകൊണ്ടോ, അല്ലെങ്കിൽ പിരിയാളാക്കിയതുകൊണ്ടോ കാര്യമില്ല. ഈ കാര്യം പറയാൻവേണ്ടി മാത്രമാണു ഞാൻ എഴുന്നേറ്റതു്.

മിസ്റ്റർ പി. കെ. ഡീവർ : ഉദ്യോഗസ്ഥന്മാരെ വ്യക്തിപരമായി ഞങ്ങൾ ചീത്ത പറഞ്ഞിട്ടില്ല. ഒരു ഉദ്യോഗത്തിനു ഒരാളെ തിരഞ്ഞെടുക്കുമ്പോൾ അതു അതിനു പറ്റിയ ആളെ ആയിരിക്കണം. അങ്ങിനെ അല്ലാതെ ഇന്നു വയസ്സായ ഒരാളെ പിടിച്ചു ഒരു ഉദ്യോഗത്തിൽ വെച്ചതിനുശേഷം അദ്ദേഹം ആ കാര്യങ്ങൾ പഠിക്കണമെന്നു നിശ്ചയിക്കയാണെങ്കിൽ, ആ കാര്യങ്ങൾ ശരിയായി പഠിച്ചുവരുമ്പോഴത്തേയ്ക്കും—ബോമ്പയിലോ, മദ്രാസ്സിലോ പറഞ്ഞയച്ചു പരിശീലനം കഴിച്ചുവരുമ്പോഴത്തേയ്ക്കും—ഉദ്യോഗത്തിൽനിന്നു പെൻഷൻപറ്റി പോകേണ്ടതായും വരും. ആ സംഗതി ബോദ്ധ്യപ്പെടുത്താൻവേണ്ടി പറഞ്ഞുവെന്നല്ലാതെ മിസ്റ്റർ മിസ്സിനെ കുറിച്ചു വ്യക്തിപരമായി വിമർശിക്കയോ കുറ്റം പറകയോ ഒന്നും ചെയ്തിട്ടില്ല. മിസ്റ്റർ മിസ്സ് നല്ല സ്വഭാവശുദ്ധിയുള്ള ആളാണു്. ഒരു നല്ല താസിൽദാരായിരുന്നു. വളരെ

LIBRARY ARCHIVES Kerala Legislative Assembly

നല്ല മനുഷ്യനാണു്. അതുകൊണ്ടു് അദ്ദേഹം നല്ല ലേബർ കമ്മിഷണരായിക്കൊള്ളണമെന്നില്ല.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സർ, ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സെക്രട്ടറി വളരെ സൌമ്യനായ രീതിയിൽ ഇവിടെ പ്രത്യക്ഷപ്പെട്ടു, ലേബർ കമ്മിഷണറായി നിയമിച്ചിരിക്കുന്ന ആൾ വളരെ നല്ല ആളും, സമർത്ഥനും, സൽസ്വഭാവിയും, ശാന്തനുമാണു് എന്നു്. അദ്ദേഹത്തെ കുറ്റം പറയുന്നതു ശരിയല്ലായെന്നും അദ്ദേഹം സമർത്ഥിക്കുകയുണ്ടായി. ഈ ഭാഗത്തു നിന്നു് ഈ സപ്ലിമെന്ററി ഗ്രാന്റിനെ എതിർക്കുന്നതു പ്രധാനമായി ആ ഒരാളെപ്പറ്റിയുള്ള ആക്ഷേപമായിരുന്നുവെന്നു് അദ്ദേഹം കണക്കാക്കി അതിനു തക്കവണ്ണമുള്ള ഒരു മറുപടി പറഞ്ഞതിൽ ഞങ്ങൾക്കു വ്യസനിക്കയല്ലാതെ നിവൃത്തിയില്ല. ഈ ആൾ നല്ല ആളോ, ചീത്ത ആളോ എന്ന പ്രശ്നമേ ഇവിടെ വരുന്നില്ലായെന്നു ഞങ്ങൾ വ്യക്തമാക്കിക്കൊണ്ടിരുന്നതു് അദ്ദേഹം മനസ്സിലാക്കാതെ പോയതിൽ ഖേദമുണ്ടു്. മാത്രമല്ല, ഒരു വ്യക്തിയെ ഒരു ഉദ്യോഗസ്ഥനായി വെച്ചാൽ ആ ഉദ്യോഗസ്ഥൻ നടത്തേണ്ട കാര്യങ്ങൾ ശരിയായി നടത്തിയില്ലെന്നു പറയുമ്പോൾ അതു് ആ ആളെക്കുറിച്ചു വ്യക്തിപരമായി വിമർശിക്കുകയാണെന്നു വ്യാഖ്യാനിക്കുകയാണെങ്കിൽതന്നെ ഞങ്ങൾക്കു് അതിനെക്കുറിച്ചു പറയാതെ നിവൃത്തിയില്ല. കൊച്ചി ഗവണ്മെണ്ടു് തൊഴിലാളികളുടെ കാര്യത്തിൽ എടുത്തിരിക്കുന്ന അവരുടെ നയം വിശദമായി പ്രഖ്യാപിച്ചിട്ടില്ല. ഗവണ്മെണ്ടിന്റെ ഇതുവരെയുള്ള നില അതൃപ്തികരമാണെന്ന മനസ്സിലാക്കിയതുകൊണ്ടാണു് ഞങ്ങൾ ഇപ്പോൾ ഒരു പുതിയ നയം പ്രതീക്ഷിക്കുകയും, ആവശ്യപ്പെടുകയും ചെയ്യുന്നതു്. അങ്ങിനെയുള്ള ഒരു നയപ്രഖ്യാപനം ചെയ്യുന്നതിനുള്ള അവസരം നേരിട്ടിട്ടില്ല; അവസരം വരുന്നേയുള്ളുവെന്നൊക്കെയാണു് പറയുന്നതു വെറും ഒരു ഉരുളൻ ന്യായം മാത്രമാണെന്നേ എനിക്കു തോന്നുന്നുള്ളൂ. ഗവണ്മെണ്ടിനു് ലേബർ കമ്മിഷണർ എന്നു പറയുന്ന ഒരുദ്യോഗത്തെപ്പറ്റി ചിന്തിക്കുവാൻ ഇപ്പോൾ മാത്രമല്ല അവസരം ഉണ്ടായിട്ടുള്ളതു്. വേറെ അനവധി ജോലികളുള്ള ഒരുദ്യോഗസ്ഥന്റെ തലയിൽ ഇതിനു മുമ്പു് ഈ ജോലി ഇരുന്നിരുന്നുവെന്നുള്ളതു് ഗവണ്മെണ്ടിനു് അറിവുള്ളതാണു്. അതു ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ് ആൻഡ് കോമേഴ്സിന്റെ കീഴിലായിരുന്നു. അദ്ദേഹത്തിനു് അനവധി ജോലികളുള്ളതുകൊണ്ടു് ലേബർ കമ്മീഷണരുടെ ജോലി വഹിക്കുവയ്യാത്ത ഭാരമായിവന്നതിനാൽ അതു വഹിക്കുവാൻ വേറെ ഒരാളെ നിയമിക്കുകയാണു ചെയ്തതെന്നു ഗവണ്മെണ്ടു പറയുകയുണ്ടായി. അതേ അവസരത്തിൽതന്നെ തൊഴിലാളി രക്ഷയെ സംബന്ധിച്ചുള്ള നിരവധി നിയമങ്ങളുടെ പ്രവർത്തനത്തെ സംയോജിപ്പിക്കുവാൻ ഇതേവരെ സാധിച്ചിട്ടില്ലെന്നു പറയുമ്പോൾ ഗവണ്മെണ്ടിന്റെ കാര്യക്ഷമതയുടെ അഭാവമല്ലാതെ വേറെ എന്തെങ്കിലും കൊണ്ടാണു് അതെന്നു വിചാരിക്കുവാൻ ഞങ്ങൾക്കു സാധിക്കുകയില്ല. ഇന്നു രാവിലെ ഒരു ചോദ്യത്തിനു ഗവണ്മെണ്ടു പറഞ്ഞ മറുപടിയിൽനിന്നു് ലേബർ പ്രശ്നത്തെ സംബന്ധിച്ചു ഗവണ്മെണ്ടു കൈക്കൊണ്ടിട്ടുള്ള നിലയെപ്പറ്റി വ്യക്തമായി മനസ്സിലാക്കുവാൻ കഴിയുന്നുണ്ടു്. ടെയിഡ് യൂണിയനുകളെ നിർബ്ബന്ധമായി രജിസ്റ്റ്രേഷൻ ചെയ്യിപ്പിക്കുവാനോ, ശമ്പളത്തോടുകൂടിയ അവധി അനുവദിപ്പിക്കുവാനോ, സിക്ക് ലീവ് നടപ്പാക്കുന്നകാര്യത്തിൽ വേണ്ടതു ചെയ്യുവാനോ, ഒന്നും ഗവണ്മെണ്ടു് ഇപ്പോൾ ആലോചിക്കുന്നില്ലെന്നും, ശമ്പളത്തോടുകൂടിയ അവധിയുടെ കാര്യത്തെക്കുറിച്ചു് എന്തോ ആലോചിക്കുന്നുണ്ടെന്നുമാണു് ഗവണ്മെണ്ടു മറുപടി പറഞ്ഞതു്. ഇന്നു ലോകത്തിൽ എവിടെയും, ഇൻഡ്യയുടെ ഏതുഭാഗത്തും തൊഴിലാളി പ്രശ്നം ഒരു വലിയ ചിന്താവിഷയമാണു്. ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ പറഞ്ഞതുപോലെ കൊച്ചിരാജ്യം വേണ്ടപോലെ പരോഗമിക്കാത്തതിനാൽ ഇതിനെപ്പറ്റി ചിന്തിക്കേണ്ട കാലം ആയിട്ടില്ല എന്നു ഗവണ്മെണ്ടു് വിചാരിക്കുകയാണെങ്കിൽ അതു സമ്മതിച്ചുതരുവാൻ സാധ്യമല്ല. ശരിയായ ഒരു നയം രൂപവൽക്കരിക്കുവാനും, പ്രഖ്യാപിക്കുവാനും ഇന്നത്തെ ഗവണ്മെണ്ടിനു സാധ്യമല്ലെന്നാണു് അവരുടെ പെരുമാറ്റത്തിൽനിന്നു വ്യക്തമായി കാണുവാൻ സാധിക്കുന്നതു്. ഇതുപോലെ കാലത്തെ തൊഴിലാളിപ്രശ്നവുമായി ഗവണ്മെണ്ടിന്റെ ഇടപെടൽ തീരെ അതൃപ്തികരമാണെന്നു് എനിക്കു മുമ്പു പ്രസംഗിച്ച പല മെമ്പർമാരും ഇവിടെ വ്യക്തമാക്കുകയുണ്ടായി. തൊഴിലാളികളുടെ കാര്യങ്ങളിൽ തക്കസമയത്തു് തക്കതായ വിധത്തിൽ വേണ്ടതു പ്രവർത്തിക്കുവാൻ ഗവണ്മെണ്ടിനു് ഇതുവരെ സാധിച്ചില്ലെന്നു വ്യക്തമായിക്കഴിഞ്ഞിട്ടുണ്ടു്. ഇപ്പോഴത്തെ ലേബർ കമ്മീഷണരോ, മുമ്പിലത്തെ ലേബർ കമ്മിഷണരോ, ആരുതന്നെ ആയിരുന്നാലും ശരി ഇവിടത്തെ ലേബർ വിഭാഗത്തിനു് അവരാരും തൃപ്തികരമായ ആശ്വാസം നൽകീട്ടില്ലായെന്നു ഞങ്ങൾക്കു പ്രഖ്യാപിക്കാതെ കഴികയില്ല. അങ്ങിനെയുള്ള ഒരു ന്യൂനതയെ പരിഹരിക്കുവാൻ വേണ്ടിയാണു് ഇങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ഒരുദ്യോഗം സൃഷ്ടിച്ചുതെന്നാണെങ്കിൽ നിശ്ചയമായും ഗവമ്മെണ്ടു് അതിന്നുള്ള മൻകരുതലുകളും കൈക്കൊണ്ടിട്ടുവേണ്ടിയിരുന്നു ഇതിന്നു പുറപ്പെടുവാൻ. ഞങ്ങൾ ആവശ്യപ്പെടുന്നതു് ഉദ്യോഗസ്ഥന്റെ കാര്യത്തിലല്ല. നല്ല ഉദ്യോഗസ്ഥൻ വേണ്ടതു് അത്യാവശ്യംതന്നെയാണു്. അങ്ങിനെ ഒരു ഉദ്യോഗസ്ഥൻ ഉണ്ടാകുന്നതിന്നു മുമ്പുതന്നെ എന്തു കാര്യം നടത്തുവാനാണു്, ഏതുവിധത്തിൽ നടത്തുവാനാണു് അദ്ദേഹത്തെ നിശ്ചയിക്കുന്നതു് എന്നും മറ്റുമുള്ള കാര്യങ്ങളടങ്ങിയ ഒരു പദ്ധതി ഗവമ്മെണ്ടു പ്രഖ്യാപിക്കാതെയിരുന്നതു തെറ്റാണു്. ഞങ്ങൾ ആവശ്യപ്പെടുന്നതു രണ്ടുമൂന്നു സംഗതികളാണു്. ഒന്നാമതായി തൊഴിലാളിപ്രശ്നത്തിൽ വൈദഗ്ദ്ധ്യമുള്ളവരുടെ സഹകരണത്തോടുകൂടി ഒരു കമ്മിറ്റി സ്ഥാപിച്ചു് ആ കമ്മിറ്റിയെക്കൊണ്ടു് തൊഴിലാളികളുടെ അവശതകളെക്കുറിച്ചു് അന്വേഷിപ്പിക്കുകയും, അതിന്നു വേണ്ട പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും വേണം. ഇൻഡ്യയിൽ തൊഴിലാളിസേവനത്തിൽ പ്രശസ്തിനേടിട്ടുള്ള ആളുകളും പലരുമുണ്ടു്. മിസ്റ്റർ എൻ. എം. ജോഷി, മിസ്റ്റർ വി. വി. ഗിരി ഇങ്ങിനെയുള്ളവരുടെ പേരുകളും ഗവമ്മെണ്ടിന്നു പരിചയമുള്ളതായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. അങ്ങിനെയുള്ള പ്രശസ്തതൊഴിലാളിനേതാക്കന്മാരെ വിളിച്ചുവരുത്തി— ഇവിടെ മിസ്റ്റർ മനുസുബേദാരെ വിളിച്ചുവരുത്തിയതുപോലെ—ഈ നാട്ടിലെ തൊഴിലാളിനേതാക്കന്മാരേയുംകൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി നിശ്ചയിച്ചു്, ആ കമ്മിറ്റിയുടെ ഉപദേശത്തെ സ്വീകരിച്ചു് ഒരു നയപ്രഖ്യാപനവും പദ്ധതിനിർമ്മാണവും ഗവമ്മെണ്ടു നിർവ്വഹിക്കേണ്ടതു് അത്യാവശ്യമാണു്. അങ്ങിനെ ഗവമ്മെണ്ടു പുരോഗമനപരമായ ഒരു നയം സ്വീകരിക്കേണ്ടതാണു്. ഇന്നു രാവിലെ ഗവമ്മെണ്ടു പറഞ്ഞ മറുപടിയിൽ കാണുന്ന ആ മനോഭാവം മാറ്റി ലോകത്തിൽ എവിടെയും കാണുന്ന സ്പിരിറ്റായത്തിൽ തൊഴിലാളിപ്രശ്നങ്ങൾക്കു് ഒരു പരിഹാരം നേടാൻ ഗവമ്മെണ്ടു സന്നദ്ധത കാണിക്കണം.

Mr. Deputy President: The Hon'ble Member's time is up.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: എനിക്കു് ഒരു കാര്യംകൂടി പറയുവാനുണ്ടു്. ഞങ്ങളുടെ നേതാവു് ബഹുമാനപ്പെട്ട പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞതുപോലെ ഇതും പ്രധാനമായ ഈ ഡിപ്പാർട്ടുമെണ്ടു് ബഹുമാനപ്പെട്ട മന്ത്രിക്കു—ജനകീയഭരണത്തിന്റെ അധീനതയിലേക്കു—വിട്ടുകൊടുക്കണം. മൂന്നു് ആവശ്യങ്ങളാണു് ഞങ്ങൾ കൊണ്ടുവരുന്നതു്. ഒന്നു്, തൊഴിലാളിപ്രശ്നങ്ങൾ നല്ലപോലെ പഠിച്ചു് ഒരു പദ്ധതി രൂപീകരിച്ചു പ്രഖ്യാപിക്കുക. രണ്ടാമതു്, അതനുസരിച്ചുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ വിദഗ്ദ്ധനായ ഒരുദ്യോഗസ്ഥനെ നിയമിക്കുക. മൂന്നാമതു്, ഈ ഡിപ്പാർട്ടുമെണ്ടു് ബഹുമാനപ്പെട്ട മന്ത്രിയുടെ കീഴിലേക്കു മാറ്റുക. ഈ മൂന്നു് ആവശ്യങ്ങളെ മുൻനിർത്തിയാണു് പ്രജാമണ്ഡലം പാർട്ടി ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുവാൻ തീരുമാനിച്ചിട്ടുള്ളതു്.

Mr. C. J. Mathew *(Joint Secretary to Government):* Sir, the Hon'ble Secretary to Government has already explained the position of the Government very clearly. You all are aware that the Government are going to appoint a few committees to consider post-war schemes. One of those committees can very well examine the question of labour problems. If it is considered necessary by that committee that experts on labour should be invited to express their opinion, that too can be done. The Members of the Legislative Council will also be on the committee. The House has unanimously agreed that a Labour Department is certainly desirable. Since we all agree on that point will it be a wise step to oppose this motion ? In the name of labour I would appeal to the Members to kindly reconsider this question and allow the grant. The Labour Department can be made more useful, we can certainly go into that question and work out details. I may assure the House that Government will take note of all the valuable suggestions placed before them. I want to make it clear that the statement that the Labour Department always takes the side of the employers is not true.

Mr. V. R. Krishnan Ezhuthassan *(Urakam):* I beg to report that this is not correct.

Mr. C. J. Mathew *(Joint Secretary to Government):* As a matter of fact it is not true. The Labour Commissioner is extremely anxious to do whatever is possible to promote the welfare and interests of the labour.

With regard to the proposal to transfer the Department to the Minister, there is one great difficulty. You all know that the major industries are now under the reserved half. Only minor industries have been given over to the Minister's port folio. So, would it be possible to transfer the Labour Department, without transferring the major industries, to the transferred half?

LIBRARY ARCHIVES Kerala Legislative Assembly

Up till now there was no such request made. I can assure the House Government will go into that question. But that cannot be a ground at all for the House to refuse the whole allotment. I, therefore, pray that the Members may be pleased to vote for the allotment.

Mr. P. Govinda Menon *(Ernakulam):* Have I a right of reply ?

Mr. Deputy President: No.

Mr. K. Balakrishna Menon *(Cheruthuruthi):* On behalf of the Nationalist party I may make the position clear. We are proposed to remain neutral, but allow the Member for Labour to vote as he pleases.

The demand was put and lost

Mr. P. Govinda Menon *(Ernakulam):* A pole, Sir.

Ayes

1. Rama Varmha Tampuran
2. Mr. A. Madhava Prabhu
3. Rao Sahib I. N. Menon
4. Mr. V. K. Aravindaksha Menon
5. Mr. P. V. Raphael
6. Mr. M. Sivarama Menon
7. Mr. B. V. K. Menon
8. Mr. C. J. Mathew
9. Mr. S. Venkiteswaran
10. Rao Sahib M. M. Paul
11. Mr. P. E. Warne

Noes

1. Mr. K. R. Ramakrishnan
2. Mr. P. Narayana Menon
3. Mr. P. Kumaran Ezhuthassan
4. Mr. P. Govinda Menon
5. Mr. V. R. Krishnan Ezhuthassan
6. Mr. P. Achyuta Menon
7. Mr. P. T. Jacob
8. Mr. P. K. Paul
9. Mr. P. Sankara Menon
10. Mr. C. S. Panicker
11. Mr. M. K. Raja
12. Mr. G. S. Dhara Singh
13. Mr. P. Mani
14. Mr. P. K. Dewer
15. Mr. C. N. Ittiravi Namboodiri

Mr. Deputy President: The demand is lost, 11 voting for and 15 against.

31. Labour Department—Establishment

32. Labour Department—Dearnes allowance including town allowance

33. Labour Department—Travelling allowance

Mr. C. J. Mathew *(Joint Secretary to Government):* I rise to move for additional allotments of Rs. 2,447 under "Labour Department—Establishment," for Rs. 1,058 under "Labour Department—Dearness Allowance including Town Allowance", and for Rs. 300 under "Labour Department—Travelling Allowance."

In order to administer the Labour Laws properly it is necessary that the Labour Commissioner should be given the necessary staff. The most important among the Labour Laws is the Factories Act. There are 110 registered factories which have to be inspected. This work is now attended to by the Inspector of Factories and Boilers who is working under the Chief Engineer. It has been found that it is not possible to conduct a thorough inspection of all these factories by this one Inspector alone. It is therefore proposed to appoint two Factory Inspectors on a grade of Rs. 100—150 under the Labour Department to inspect to various factories and to help the Labour Commissioner in the administration of the various other Labour Laws of the State. These Inspectors are also to be given the services of a clerk on Rs. 25—40 and a peon on Rs. 11 per mensem each.

It is also proposed to give the following additional staff to the Office of the Labour Commissioner.

2 clerks on Rs. 40—60.
1 clerk on Rs. 25—40.
1 peon on Rs. 13 per mensem.
1 peon on Rs. 11 per mensem.

In order to meet the pay, Dearness Allowance, and the Travelling Allowance of the above staff an additional allotment of Rs. 3,805 is necessary under the Labour Department as detailed below.

LIBRARY ARCHIVES Kerala Legislative Assembly